ഉത്തരം

സ്വകാര്യ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് വിദേശരാജ്യങ്ങൾ സന്ദർശിച്ച മന്ത്രിമാരുടെ പേരും വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. *

സർട്ടിഫിക്കറ്റുകൾ പെൻഷനുകൾ നൽകുന്ന നിയമ/ചട്ടങ്ങളിലെ ഭേദഗതി

27 (1760) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനസമ്പർക്ക പരിപാടികളിൽ നിന്നും ലഭിച്ച നിവേദനങ്ങൾ ഉൾപ്പെടെ പരിശോധിച്ച് പൊതുജനങ്ങൾക്കായി സർട്ടിഫിക്കറ്റുകൾ, പെൻഷനുകൾ എന്നിവ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി ഏതെല്ലാം നിയമ/ചട്ട ഭേദഗതികളാണ് വരുത്തിയതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

ജനസമ്പർക്ക പരിപാടികളിൽ നിന്നും ലഭിച്ച നിവേദനങ്ങൾ/പരാതികൾ പരിശോധിച്ചതിൽ, ഭരണപരമായ ചില നടപടിക്രമങ്ങളിൽ മാറ്റം വരുത്തേണ്ടതായോ അയവു വരുത്തേണ്ടതായോ ഉണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ ഉത്തരവുകളും നിലവിലുള്ള ചില നടപടിക്രമങ്ങളിൽ ഭേദഗതി ചെയ്തുകൊണ്ടുള്ള ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സമാഹരിച്ച് പുസ്തകരൂപത്തിൽ 'ജനപക്ഷചുവടുകൾ' എന്ന പേരിൽ വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖേന പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

28 (1761) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സർവ്വീസിൽ ഉദ്യോഗസ്ഥ പുനർവിന്യാസം നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ സർവ്വീസിനെ പൊതു സർവ്വീസാക്കി മാറ്റാൻ ആലോചിക്കുന്നുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly